പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2202 | 11.03.2020 ൽ മറുപടിക്ക്

# കക്കാട്, മൂഴിയാർ പവർഹൗസിലെ ദിവസവേതന/കരാർ ജീവനക്കാർ

ചോദ്യം

ശ്രീ. കെ.യു.ജനീഷ് കുമാർ

മറുപടി

ശ്രീ. എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) പത്തനംതിട്ട ജില്ലയിൽ കെ. എസ്. ഇ. ബി. യുടെ കക്കാട്, മൂഴിയാർ പവർഹൗസിൽ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നുണ്ടെന്നും എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കാമോ; | (എ) ജനറേഷൻ സർക്കിൾ മൂഴിയാറിന്റെ കീഴിലുള്ള മൂഴിയാർ, കക്കാട്, പവർഹൗസുകളിൽ ദിവസനവേതന/കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടില്ല. ജീവനക്കാരുടെ ഒഴിവുകൾ വരുന്ന തസ്തികകളിൽ വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നൽകിയാണ് പ്രസ്തുത ജോലികൾ ചെയ്തു വരുന്നത്. ഇതിനായി നിശ്ചിത യോഗ്യതയുള്ളവർക്ക് വർക്ക് കോൺട്രാക്ട് നൽകിവരുന്നു. |
| (ബി) ഉണ്ടെങ്കിൽ അവർ ആരൊക്കെയെന്ന വിവരം നൽകുമോ; | (ബി) പ്രസ്തുത പവർഹൗസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എൻജിനീയർ, ഓവർസീയർ, വർക്കർ എന്നീ തസ്തികകളിൽ നിലവിൽ കണക്കാക്കപ്പെട്ടിട്ടുള്ള അംഗീകൃത ഒഴിവുകൾ ചുവടെ ചേർത്തിരിക്കുന്നു. |
| (സി) ഡാം സേഫ്റ്റിയുമായി ബന്ധപ്പെട്ട് കക്കാട്, സീതത്തോട് മേഖലകളിൽ എത്രപേർ ദിവസവേതനത്തിൽ ജോലി ചെയ്യുന്നെന്നും അവർ ആരെല്ലാമാണെന്നുള്ള വിവരം ലഭ്യമാക്കുമോ? | (സി) ഡാം സേഫ്റ്റിയുമായി ബന്ധപ്പെട്ട് കക്കാട്, സീതത്തോട് മേഖലകളിൽ ദിവസ വേതനത്തിന് ആരും ജോലി ചെയ്യുന്നില്ല. |

| തസ്തിക | എണ്ണം |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| സബ് എഞ്ചിനീയർ | 8 |
| ഓവർസീയർ | 4 |
| വർക്കർ | 4 |

സെക്ഷൻ ഓഫീസർ